**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ മീര മോഹൻ (Dr Meera Mohan PEN 747987), ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. എ6-11603/2021/ജിമെആ കോഴിക്കോട് തീയതി 29.04.2023

2. GE04/C/M2693/158 തീയതി 29.05.2024

3.കാരണം കാണിക്കൽ നോട്ടീസ് നം EA4- 73513/2021/ആവഡ തീയതി 29.10.2021

4. ഡോ മീര മോഹൻ സമർപ്പിച്ച അപേക്ഷ തീയതി 29.11.2021

5. സഉ (അച്ചടി) നം 55/2020/ആകുവ തീയതി 16.09.2020

6. ഇഎ4- 73573/2021/ആവഡ തീയതി 27.03.2022

7.. GE-4/C/M-263/DNo 000378 തീയതി 31.07.2025

8. .ഉത്തരവ് നം DHS/15103/2023-EA4 തീയതി 12.12.2025

**ഉത്തരവ് നം. DHS/6807/2025-EA4 തീയതി.07-06-2026**

ഡോ മീര മോഹൻ (Dr Meera Mohan PEN 747987), 31.05.2018 ന് ആരോഗ്യവകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കോഴിക്കോട് നാദാപുരം താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), തസ്തികയിൽ സേവനത്തിലിരിക്കവെ 06.12.2019 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ

റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം താത്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ ലഭ്യമായ മേൽ വിലാസത്തിലേയ്ക്ക് അയച്ചു നൽകുകയും ചെയ്തു. പരാമർശം (4) പ്രകാരം ഡോ മീര മോഹൻ മറുപടി സമർപ്പിച്ചു. ടി അപേക്ഷ വിശദമായി പരിശോധിക്കുകയും തിരികെ സേവനത്തിൽ പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ടതിനാൽ 10.04.2022 തീയതിയ്ക്കകം പരാമർശം (5) ലെ വ്യവസ്ഥകൾ പാലിച്ച് ബോണ്ട് സമർപ്പിക്കുന്നതിന് പരാമർശം (6) പ്രകാരം അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. ഡോ മീര മോഹൻ മറുപടി സമർപ്പിക്കാത്തതിനാൽ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതിന് മുൻപായി ഒരവസരം കൂടി ടിയാൾക്ക് നൽകി പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ടിയാളുടെ അറിവിലേയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും അതിനോടും ടിയാൾ പ്രതികരിച്ചിട്ടില്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

(2) ടി സാഹചര്യത്തിൽ 06.12.2019 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ മീര മോഹൻ (Dr Meera Mohan PEN 747987) , ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ മീര മോഹൻ (Dr Meera Mohan PEN 747987) , ജൂനിയർ കൺസൾട്ടന്റിന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 07-06-2026
14:35:14

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

ഡോ മീര മോഹൻ,

ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി),

താലൂക്കാശുപത്രി നാദാപുരം, കോഴിക്കോട്

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

കോഴിക്കോട്.

3. സൂപ്രണ്ട്,

ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി),

താലൂക്കാശുപത്രി നാദാപുരം, കോഴിക്കോട്

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. സൂപ്രണ്ട്,

ഇബി സെക്ഷൻ

6. ഫയൽ